**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ - 30.05.2009-ലെ സർക്കാർ ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 893/2010/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17.03.2010.

---

പരാമർശം:- 1) ചേലോറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 11.12.2009-ലെ കത്ത്.
2) 30.05.2009-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 1275/09/ത.സ്വ.ഭ.വ.
2) 17.02.2010-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1-ാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

പരാമർശം ഒന്ന് പ്രകാരം ചേലോറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി പഞ്ചായത്തിന്റെ 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗം ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത എന്നാൽ നിർവ്വഹണം പൂർത്തിയാക്കാത്ത പ്രൊജക്ടിന്റെ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 30.05.2009-ലെ പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് ചുവടെ ചേർക്കും പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രത്യേക ഘടക പദ്ധതി / പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ഏറ്റെടുക്കുന്ന കുടിവെള്ള പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ലെന്നുള്ള 30.05.2009-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ, എസ്.സി.പി / ടി.എസ്.പി പ്രകാരം മുൻ കാലങ്ങളിൽ ഏറ്റെടുത്തതിൽ ഇതുവരെയും നിർവ്വഹണം പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികൾക്കും ബാധകമാക്കുന്നു.

ഇതോടൊപ്പം തന്നെ പൊതു ടാപ്പുകൾ മാത്രമുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് - മെയിൻറനൻസ് ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത്തരം സ്കീമുകളെ സംബന്ധിച്ചിടത്തോളം ഉത്തരവ് പുറപ്പെടുവിച്ച തീയതിയ്ക്ക് മുൻപുള്ള കുടിശികയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്.

കൂടാതെ എല്ലാ ഗുണഭോക്താക്കൾക്കും ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ആർ.രാജീവ്,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്. (25.02.2010-ലെ 6014/ഡി.എ1/2010/ത.സ്വ.ഭ.വ. നമ്പർ കുറിപ്പ്)
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ